# അടിയന്തിരം

ന.വൈ(2)/6069/ 2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി : 31 .01.2017.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

2684

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

F1

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം - 2016-17 വർഷത്തെ ദേശീയ അധ്യാപക അവാർഡ് നോമിനേഷൻ സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :- സർക്കാർ കത്ത് നം. 1155178/ആർ2/2017/പൊ.വി. 27/01/2017.

2016-17 വർഷത്തെ ദേശീയ അധ്യാക അവാർഡിന് യോഗ്യരായ അധ്യാപകരുടെ ഒരു പാനൽ സമർപ്പിക്കാൻ കേന്ദ്ര മാനവശേഷി വികസന വകുപ്പ് ആവശ്യപ്പെട്ടിരി ക്കുകയാണ്. താങ്കളുടെ അധികാര പരിധിയിൽ വരുന്ന ഗവൺമെന്റ്/എയ്ഡഡ്/സ്പെഷ്യൽ സ്കൂളുകളിലെ അർഹതയുള്ള അധ്യാപകരുടെ പ്രൊപ്പോസലുകൾ നിശ്ചിത പ്രൊഫോർമയിൽ തയാറാക്കി 10.2.2017 ന് 5 മണിക്ക് മുമ്പായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. (അപേക്ഷാഫാറത്തിന്റെ മാതൃകയും വിശദ വിവരങ്ങളും www.education.kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ ലഭ്യമാണ്)

8/2/17

ഇതിലേയ്ക്കായി കേന്ദ്ര മാനവശേഷി വികസന വകുപ്പ് ലഭ്യമാക്കിയിട്ടുള്ള മാർഗ്ഗരേഖയും മാതൃകാ ഫാറവും ഇതോടൊപ്പം അയയ്ക്കുന്നു. അധ്യാപകർക്ക് നൽകുന്ന ഏറ്റവും വിശിഷ്ടമായ ഈ അവാർഡിന് പ്രൊപ്പോസലുകൾ തയ്യാറാക്കുമ്പോൾ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

1. പ്രൈമറി, സെക്കണ്ടറി വിഭാഗങ്ങളിൽ നിന്ന് ഏറ്റവും കുറഞ്ഞത് 4 വീതവും സ്പെഷ്യൽ വിഭാഗത്തിലേയ്ക്ക് 2 ഉം പ്രൊപ്പോസലുകൾ ഉണ്ടായിരിക്കേണ്ടതാണ്. സ്പെഷ്യൽ വിഭാഗം നിർദ്ദേശം 17 ൽ പ്രതിപാദിക്കുന്നത് ശ്രദ്ധിക്കുക.
2. ഓരോ പ്രൊപ്പോസലിന്റെയും 3 കോപ്പികൾ വീതം ലഭ്യമാക്കേണ്ടതാണ്.
3. ഒരു ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയ 3 മാസത്തിനുള്ളിൽ എടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോ (3 എണ്ണം) അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്. കവറിൽ പൂർണ്ണമായ മേൽവിലാസം ഉണ്ടായിരിക്കേണ്ടതാണ്.
4. അധ്യാപിക-അധ്യാപക തുല്യ പ്രാതിനിധ്യം ഉണ്ടായിരിക്കണം.
5. ആരോപണ വിധേയരായിട്ടുള്ളവരെ കർശനമായും ഒഴിവാക്കേണ്ടതാണ്.

പുറത്തെഴുത്ത് നമ്പർ എഫ്.1/2684/2017
തീയതി 01-02-2017

എല്ലാ ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടേയും അറിവിലേക്കും, തുടർന്നുള്ള നടപടികൾക്കുമായി പകർപ്പ് അയച്ചുകൊടുക്കുന്നു. അവാർഡിനുള്ള അപേക്ഷകൾ (3 കോപ്പികൾ വീതം) ഈ മാസം (ഫെബ്രുവരി) 8-ാം തീയതി 5 മണിക്ക് മുൻപായി ഈ ഓഫീസിൽ പ്രത്യേക ദൂതൻ മുഖേന എത്തിക്കേണ്ടതാണ്.



OFFICE OF THE DEPUTY DIRECTOR (EDUCATION)
THRIKKAKARA CIVIL STATION COCHIN - 30
ERNAKULAM

8 01-2-17

1/2/17

Deputy Director (Education)
Ernakulam
Kakkanad, Kochi - 30